# GOVERNMENT OF KERALA

## Abstract

Prisons - Reference under Rule 131 of Kerala Criminal Rules of Practice - Granting remission of sentence to Smt. Usha - Orders issued.

---

## HOME (B) DEPARTMENT

G.O.(Ms)No.62/2026/HOME Dated,Thiruvananthapuram, 10-03-2026

---

Read: 1. Judgment dated 29.02.2024 of the Hon'ble Additional Sessions Court, Thalassery in SC No. 546/2016.

2. Letter No. HCKL/4238/2025-DI-8-HC KERALA, dated 11.04.2025 of the Registrar (District Judiciary), High Court of Kerala.

3. Letter No. KPCS/5116/2025-WP1 dated 19.08.2025 & 15.09.2025 of the Director General, Prisons & Correctional Services

## ORDER

Smt.Usha, the accused in SC No. 546/2016 of the Hon'ble Additional Sessions Court, Thalassery, was charged with the murder of her 2 1/2 year old child by plunging the child into a well and thereafter attempted to commit suicide by jumping into the same well. The Hon'ble Additional Sessions Court, Thalassery, as per the judgment read as 1st paper above, found the accused guilty u/s 302 and 309 of the IPC. She was sentenced to imprisonment for life and a fine of ₹25,000/- under section 302 of the IPC and in default of payment of fine to undergo simple imprisonment for one year under section 309 of the IPC. Subsequently, the Hon'ble Additional Sessions Judge, Thalassery made a reference to the Government under Rule 131 of Kerala Criminal Rules of Practice through the Registrar, (District Judiciary), as per letter read as 2nd paper above, for the remission of her sentence considering the facts and circumstances that it was the wayward life of her alcoholic husband and the fact that her in-laws had branded her as mentally ill, which led the accused to attempt suicide and murder her child.

2. The Director General of Prisons & Correctional Services, as per the letter read as 3rd paper above, has reported that Smt. Usha was admitted

to the Women Prison & Correctional Home, Kannur as FC No. 23/19 on 29.02.2024. She was subsequently released on bail on 12.04.2024 as per the directions of the Hon'ble High Court of Kerala in Crl.M.A. No. 1/2024 in Crl.A. No. 492/2024 filed by her.

3. Government have examined the matter in detail, including the reference under Rule 131 of the Kerala Criminal Rules of Practice, the Police Report, and the Probation Officer's Report. After careful consideration of the legal and factual aspects of the case, Government are pleased to order the remission of the remainder of the substantive sentence awarded to Smt. Usha and to grant her release, subject to the condition that she shall either pay the fine or undergo the default sentence in the event of non-payment of the fine.

(By order of the Governor)
**BISHWANATH SINHA**
**ADDITIONAL CHIEF SECRETARY**

The Registrar (District Judiciary), High Court of Kerala, Ernakulam.
Director General of Prisons and Correctional Services, Thiruvananthapuram.
Superintendent, Women Prison & Correctional Home, Kannur
General Administration (SC) Department.
Law Department.
Web & New media, I & PRD.
Stock File.

Forwarded /By order
Signed by
Amina B
Date: 11-03-2026 10:45:08
Section Officer

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 28-01-2026

ഫയൽ നം. ബി1/229/2025/ആഭ്യന്തരം. ഇനം നം: 3587

വിഷയം : ആഭ്യന്തര വകുപ്പ് - ജയിലുകൾ - ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസിലെ റൂൾ 131 പ്രകാരം, ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട ശ്രീമതി. ഉഷയ്ക്ക് ശിക്ഷായിളവ് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

49 3587

(51)

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | |
|---|---|
| 1. ഫയൽ നമ്പർ | ബി1/229/2025/ആഭ്യന്തരം |
| 2. വകുപ്പ് | ആഭ്യന്തര (ബി) വകുപ്പ് |
| 3. വിഷയം | ആഭ്യന്തരവകുപ്പ് - ജയിലുകൾ- ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസിലെ റൂൾ 131 പ്രകാരം, ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട ശ്രീമതി. ഉഷയ്ക്ക് ശിക്ഷായിളവ് നൽകുന്നത് - സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 29.10.2025 |
| 5.<br>(i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(ii) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | <br>അല്ല<br>ബാധകമല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്, നിയമവകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട് |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി സിന്ധു. റ്റി .എസ് |
| 8.കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 16.01.2026 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 19.01.2026 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. പിണറായി വിജയൻ |
| 13.മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 22.01.2026 |
| 14.കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 23.01.2026 |
| 15.മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16.തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസിലെ റൂൾ 131 പ്രകാരം, ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട ശ്രീമതി ഉഷയ്ക്ക് ശിക്ഷായിളവ് നൽകുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസിലെ റൂൾ 131 ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നു: " In all cases where women are convicted for the murder of their infant children, a reference shall be made through the High Court to the Government with an expression by the sessions Judge of his opinion as to the propriety or otherwise of reducing the sentence. Every such reference shall be accompanied by the copies of the material papers of records." ഇതിൻ പ്രകാരം ബഹു. തലശ്ശേരി അഡീഷണൽ സെഷൻസ് ജഡ്ജി ശ്രീമതി ഉഷയ്ക്ക് ചുമത്തിയ ശിക്ഷ ഇളവ് ചെയ്ത് നൽകുന്നതിനായി ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസിലെ 131-ാം വകുപ്പ് പ്രകാരം ബഹു. ഹൈക്കോടതി രജിസ്ട്രാർ മുഖേന സർക്കാരിലേക്ക് റഫർ ചെയ്യുകയാണുണ്ടായത്.

3. ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസിലെ 131 -ാം വകുപ്പ് പ്രകാരവും ഹൈക്കോടതിയുടെ ഉത്തരവുകൾ പ്രകാരവും സ്വന്തം കുഞ്ഞിനെ കൊലപ്പെടുത്തിയ സ്ത്രീകളുടെ ശിക്ഷയിൽ ഇളവ് അനുവദിക്കുന്നത് പരിഗണിക്കുന്നതിന് ചുവടെ പറയുന്ന നിബന്ധനകൾ ബാധകമാണ്:

i. കുറ്റവാളി കൊല്ലപ്പെട്ട കുട്ടിയുടെ അമ്മ ആയിരിക്കണം.

ii. ശിക്ഷാവിധി പ്രഖ്യാപിച്ചതിനു ശേഷമേ സെഷൻസ് കോടതിക്ക് ഇളവിനായുള്ള ശിപാർശ സർക്കാരിലേക്ക് സമർപ്പിക്കാൻ കഴിയുകയുള്ളൂ.

iii. ശിക്ഷ കുറയ്ക്കുന്നതിന്റെ ഔചിത്യത്തെക്കുറിച്ച് സെഷൻസ് ജഡ്ജ് വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തുകയും കേസിന്റെ പ്രധാന രേഖകൾ സഹിതം ശിപാർശ സമർപ്പിക്കുകയും വേണം.

4. ശ്രീമതി ഉഷ ഉൾപ്പെട്ട പ്രോസിക്യൂഷൻ കേസ് ഇപ്രകാരമാണ്:

2 1/2 വയസ്സ് പ്രായമുള്ള അക്ഷയ് എന്ന കുട്ടിയുടെ അമ്മയായ ശ്രീമതി ഉഷ കുട്ടിയെ കിണറ്റിൽ തള്ളിയിട്ട് കൊലപ്പെടുത്തുകയും തുടർന്ന് കിണറ്റിൽ ചാടി ആത്മഹത്യയ്ക്ക് ശ്രമിക്കുകയും ചെയ്തു എന്നതാണ് പ്രോസിക്യൂഷൻ കേസ്. ബഹു. തലശ്ശേരി

അഡീഷണൽ സെഷൻസ് കോടതിയുടെ SC No. 546/2016 നമ്പർ കേസിൽ ശ്രീമതി. ഉഷ ഐപിസി സെക്ഷൻ 302, 309 പ്രകാരം കുറ്റക്കാരിയാണെന്ന് കണ്ടെത്തുകയും ഐപിസി സെക്ഷൻ 302 പ്രകാരം ജീവപര്യന്തം തടവും 25,000/- (ഇരുപത്തയ്യായിരം രൂപ മാത്രം) പിഴയും, പിഴ അടയ്ക്കാത്ത പക്ഷം ഒരു മാസം സാധാരണ തടവും, ഐപിസി സെക്ഷൻ 309 പ്രകാരം ഒരു വർഷം സാധാരണ തടവും അനുഭവിക്കാനും വിധിക്കുകയുണ്ടായി. മദ്യപാനിയായ ഭർത്താവിന്റെ വഴിപിഴച്ച ജീവിതവും, ഭർതൃവീട്ടുകാർ മാനസികരോഗിയായി മുദ്രകുത്തിയതും പ്രതിയെ ആത്മഹത്യയിലേക്കും കുട്ടിയെ കൊലപ്പെടുത്തുന്നതിലേക്കും പ്രേരിപ്പിച്ചുവെന്നുള്ള വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുത്ത് ബഹു. തലശ്ശേരി അഡീഷണൽ സെഷൻസ് ജഡ്ജി ശ്രീമതി ഉഷയ്ക്ക് ചുമത്തിയ ശിക്ഷ ഇളവ് ചെയ്ത് നൽകുന്നതിനായി ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസിലെ 131-ാം വകുപ്പ് പ്രകാരം ബഹു. ഹൈക്കോടതി രജിസ്ട്രാർ മുഖേന സർക്കാരിലേക്ക് റഫർ ചെയ്യുകയാണുണ്ടായത്.

5. ഈ വിഷയം സംബന്ധിച്ച് നിയമവകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ഇപ്രകാരമാണ്:

*"1. With regard to the application of Rule 131 of the Criminal Rules of Practice, the Hon'ble Kerala High Court, in State of Kerala V. Salini, 2010(2)KLT117, held as follows.*

*"...13. Power of the Government to exercise remission under Section 432 and 433 of the Cr.P.C. can come into play only after a sentence is imposed against the offender. Section 432 of the Cr.P.C. unequivocally demonstrate that the power so vested with the Government can be invoked only if the offender "has been sentenced to punishment". Where no sentence is imposed, the question of remission under the above section does not arise. That is also another circumstance which gives a clear insight that there cannot be a reference under Rule 131 of the Rules before, sentence is imposed on the indictee.*

*14. The object behind Rule 131 of the Rules, no doubt is to alert the Government to consider without delay the exercise of its powers of remission in the case of a woman convicted of infanticide of her child/children. The murder committed by her leaves the court with no alternative but to impose one of the two sentences provided for the offence of murder once she is found guilty and convicted. However, punishment has to be tempered with mercy especially in the case of such hapless women, who is often a victim of exploitation. The court cannot impose a lesser sentence than what is provided under Section 302 of the IPC in the case of murder, and that being so, Rule*

*131 of the Rules framed by the High Court mandates the Sessions Judge to alert the Government of the conviction and sentence imposed in the case of infanticide where the indictee is the mother of the child murdered, with relevant records so that the Government may consider without delay the reduction of sentence invoking its power to remit the sentence. We do take note the rider placed under Section 433A of the Cr.P.C. in the matter of exercising the powers of remission by the Government where an imprisonment for life is the punishment, but, for the answering of this reference, we do not wish to dilate on that point. We also note that whatever be the interdiction under Section 433A of the Cr.P.C, it does not place any embargo on the State in exercising the mercy jurisdiction exercisable by the Head of the State as enjoined under the Constitution.*

*15. Rules 131 of the Rules, it is to be noted, directing a reference to the Government for reducing the sentence does not apply to all cases of infanticide. Child murder for the sake of its jewels or connected with sexual assault by criminals of depraved mental psychosis are outside the scope of the Rule. The Rule is applicable only in cases where the convict of infanticide is the mother of a child/children murdered. Murder of a new born child or infant is very common in this country. Steeped in inviolable social barriers to remarriage and subject to rather severe moral code in respect of legitimacy, an unwed mother, often a victim of exploitation, to avoid detection, and more so by ignorance on account of her social and economic backwardness, is tempted to snub away the life of her new born child. But infanticide is nothing short of murder in law. The law in this respect at least in the case of such women who are found guilty of infanticide may require amendment in the lines of the infanticide Act of England, 1938. But till then, the anxiety of the High Court to treat them deferentially as a special case in reducing their sentence after imposition of punishment by the State, after taking note of the relevant materials and the views and observations made by the Sessions Judge, who had imposed the sentence, is reflected and given effect to by Rule 131 of the Rules. We also find that recently the Kerala Prisons Rules, 1958, has been amended directing the Advisory Board, constituted under the Rules to recommend to the Government relating to the premature release of prisoners confined in the prisons, to review the cases of women offenders sentenced for infanticide as a special case. By the amendment brought under G.O.(P). No. 18/2008 dated 18th January, 2008 a new clause has been introduced in Rule 545 of the Prisons Rules directing the Board to review immediately on admission in prison of convicted women offenders sentenced for infanticide so that they be sent to the care of voluntary*

organizations of good repute for a reasonable period of time. The anxiety of the State to treat the case of the women offenders sentenced for infanticide sent over to prison separately is seen by the amendment made to the Prisons Rules directing the Board to review their cases immediately. The amended rules under Rule 545 of the Prisons Rules indicate that the Government is of the view that such convicts need not suffer incarceration in prison but can be sent to the care of voluntary organizations of good repute for a reasonable period of time. Rule 131 of the Rules framed by the High Court for making a reference to the Government in the matter of reducing the sentence imposed against the woman convicted of murder of her child/children and Rule 545 of the Prisons Rules by which the Government had directed the Advisory Board to consider the cases of such women immediately, both of them, only reflect the humane approach of the High Court and also the Government in viewing the convicts of such murder calling for a differential treatment..........................................................................................................................................................

..........................................................................................................................................

17. We make it clear that in a case of infanticide, in which a woman is convicted of murder of her child/children, the reference under Rule 131 of the Rules need be forwarded to the Government only after imposing the sentence, that is, a post sentence situation. In the present case, which has given rise to this reference, the learned Sessions Judge shall forthwith take steps for appearance of the accused, who had been enlarged on bail on executing a self bond and impose the sentence on her 'after hearing' as envisaged by law. After imposing sentence on the accused, the Sessions Judge shall comply with Rule 131 of the Rules in making a reference expressing his opinion as to the propriety or otherwise of reducing the sentence, forwarding such reference with copies of the material papers of the record. A reference made before imposing sentence as being no reference under Rule 131 of the Rules, a fresh reference shall be made after imposition of the sentence."

2. Since all the above observations made by the court have been met in the case at hand as well, and considering the reference made by the Hon'ble Addl. Sessions Judge-I,Thalassery through the Hon'ble High Court of Kerala under Rule 131 of the Criminal Rules of Practice, A/D may be informed that the Government can exercise the power under Article 161 of the Constitution to reduce the sentence imposed on the indictee."

6. നിയമവകുപ്പിന്റെ അഭിപ്രായത്തിൽ പരാമർശിച്ചിട്ടുള്ള ബഹു. ഹൈക്കോടതി വിധി പ്രകാരം (State of Kerala Vs Salini 2010(2) KLT 117), കുഞ്ഞുങ്ങളെ കൊലപ്പെടുത്തിയ അമ്മമാരുടെ കേസുകളിൽ ശിക്ഷ വിധിച്ച ശേഷം ശിക്ഷായിളവിനായി സർക്കാരിനെ അറിയിക്കാൻ ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസിലെ 131-ാം വകുപ്പ് അനുശാസിക്കുന്നുണ്ട്. ഇത്തരം കേസുകളിൽ കടുത്ത ശിക്ഷ നൽകുവാൻ നിയമം നിർബന്ധിതമാകുമ്പോൾ പോലും മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ശിക്ഷയിൽ ഇളവ് നൽകാൻ സർക്കാരിനെ ചുമതലപ്പെടുത്തുന്ന ഒരു സംവിധാനമാണിത്. CrPC നിയമത്തിലെ 432,433 വകുപ്പുകൾ പ്രകാരം ഇതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. CrPC സെക്ഷൻ 433 A പ്രകാരം ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട ഒരു വ്യക്തിക്ക് കുറഞ്ഞത് 14 വർഷത്തെ യഥാർത്ഥ ശിക്ഷാകാലയളവ് പൂർത്തിയാക്കാതെ മോചനത്തിന് അർഹതയില്ല എന്ന വ്യവസ്ഥ സംബന്ധിച്ച ബഹു. ഹൈക്കോടതിയുടെ നിരീക്ഷണവും നിയമവകുപ്പ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇക്കാര്യത്തിൽ, ബഹു. കോടതി ഇങ്ങനെ നിരീക്ഷിച്ചിരിക്കുന്നു.

" *We also note that whatever be the interdiction under Section 433A of the Cr.P.C, it does not place any embargo on the State in exercising the mercy jurisdiction exercisable by the Head of the State as enjoined under the Constitution.*"

ഇതിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതയ്ക്ക് മേൽ ചുമത്തപ്പെട്ട ശിക്ഷ ഇളവ് ചെയ്ത് നൽകുന്നതിനായി ഭരണഘടനയുടെ ആർട്ടിക്കിൾ 161 പ്രകാരമുള്ള അധികാരം സർക്കാരിന് പ്രയോഗിക്കാവുന്നതാണെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്നു.

7. ജയിൽ മേധാവി ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം, ബഹു. തലശ്ശേരി അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് ജഡ്ജ് -1 കോടതിയുടെ SC നമ്പർ 546/16 കേസിൽ u/s 302 IPC പ്രകാരം ജീവപര്യന്തം തടവും 25,000/- രൂപ പിഴയും, പിഴ ഒടുക്കിയില്ലെങ്കിൽ ഒരു മാസം തടവിനും 309 IPC പ്രകാരം ഒരു വർഷം തടവിനും ശിക്ഷിക്കപ്പെട്ട് 29.02.2024 മുതൽ കണ്ണൂർ വനിതാ ജയിലിൽ ശിക്ഷയിൽ കഴിഞ്ഞു വന്നിരുന്ന അന്തേവാസിയായിരുന്ന എഫ്.സി നം. 2/24 ഉഷ W/O അനൂപ് എന്നും പ്രസ്തുത അന്തേവാസിയെ ബഹു.കേരള ഹൈക്കോടതിയുടെ C.R.MA No.1/24 in CrLA No.492/24 കേസിലെ 12.04.2024 തീയതിയിലെ ഉത്തരവ് പ്രകാരം

ജാമ്യത്തിൽ വിട്ടുതൽ ചെയ്തിട്ടുള്ളതാണെന്നും അറിയിച്ചിട്ടുള്ളതാണ്. ഇത് പ്രകാരം ആകെ 44 ദിവസത്തെ ജയിൽശിക്ഷ മാത്രമാണ് ഉഷ അനുഭവിച്ചിട്ടുള്ളത്.

8. Bilkis Yakub Rasool Vs Union of India, MANU/SC/0025/2024 കേസിലെ ഉത്തരവിൽ ബഹു. സുപ്രീംകോടതിയുടെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ തടവുകാരുടെ അകാലവിട്ടുതലുമായി ബന്ധപ്പെട്ട കേസുകളിൽ നിയമവകുപ്പ് താഴെപ്പറയുന്ന അഭിപ്രായം ലഭ്യമാക്കാറുണ്ട്.

*" **Bilkis Yakub Rasool Vs. Union of India, MANU/SC/0025/2024** എന്ന കേസിൽ, അകാല വിട്ടുതലിനായി പരിഗണിക്കുന്ന തടവുകാർക്ക് ശിക്ഷയോടൊപ്പം ഫൈൻ കൂടി വിധിച്ചിട്ടുള്ളതാണെങ്കിൽ ഫൈൻ ഒടുക്കിയത് സംബന്ധിച്ച വിവരങ്ങൾ കൂടി പരിശോധിക്കേണ്ടതാണെന്ന് വിധിക്കുകയുണ്ടായി. ആയത് ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.*

9. പ്രസ്തുത കേസിൽ, ശ്രീമതി ഉഷയ്ക്ക് ശിക്ഷാകോടതി 25,000/- രൂപ പിഴ വിധിച്ചിട്ടുള്ളതാണ്. പ്രസ്തുത വിധിക്കെതിരെ ശ്രീമതി ഉഷ ബഹു.കേരള ഹൈക്കോടതിയിൽ, അപ്പീൽ നൽകിയിട്ടുള്ളതിനാൽ കേസിൽ അന്തിമ ഉത്തരവിന് ശേഷം ഫൈൻ സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ജാമ്യവ്യവസ്ഥയിൽ ഫൈൻ അടയ്ക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഇല്ലായിരുന്നുവെന്നും ഇക്കാരണങ്ങളാലാണ് ഫൈൻ ഒടുക്കാതിരുന്നത് എന്നും ശ്രീമതി ഉഷ അറിയിച്ചതായി പ്രൊബേഷണറി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

10. ഈ വിഷയം 29.10.2025 തീയതിയിലെ മന്ത്രിസഭായോഗം പരിഗണിക്കുകയും ഇനം. നം.3354 പ്രകാരം, " ഇക്കാര്യം ഒരിക്കൽ കൂടി വിശദമായി പരിശോധിച്ച ശേഷം പുതുക്കിയ കുറിപ്പുകൾ മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണ് " എന്ന് തീരുമാനിക്കുകയുമുണ്ടായി.

11. ഈ സാഹചര്യത്തിൽ, മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വിശദമായ നിയമ പരിശോധനയ്ക്കായി താഴെപ്പറയുന്ന പോയിന്റുകളിൽ വ്യക്തത വരുത്തുന്നതിനായി ഫയൽ വീണ്ടും നിയമവകുപ്പിനയച്ചിരുന്നു.

i. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 464 -ൽ,

" (i) ശിശുഹത്യയ്ക്ക് ശിക്ഷിക്കപ്പെട്ട വനിതാ കുറ്റവാളികളെ സംബന്ധിച്ച് കേസ്സുകൾ ജയിലിൽ പ്രവേശിപ്പിച്ച ഉടൻതന്നെ പുനഃപരിശോധിക്കേണ്ടതും നല്ല നിലയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ സംരക്ഷണത്തിൽ ഒരു നിശ്ചിതകാലത്തേയ്ക്ക് അയക്കേണ്ടതുമാണ്;

(ii) കേസ്സുകൾ ജയിലിൽ പ്രവേശിപ്പിച്ച ഉടൻതന്നെ പരിശോധിച്ച് സന്നദ്ധസംഘടനകളുടെ സംരക്ഷണയിലേക്ക് അയക്കേണ്ടതാണ്;

എന്ന് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസിലെ 131 പ്രകാരമുള്ള റഫറൻസിന്റെ അടിസ്ഥാനത്തിൽ മാത്രം ആർട്ടിക്കിൾ 161 പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കാൻ കഴിയുമോ?

ii) ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനായി ജയിൽ ഉപദേശക സമിതിയുടെ ശിപാർശ ലഭിക്കേണ്ടതുണ്ടോ?

iii) State of Kerala Vs Salini (2010(2) KLT 117) ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ഗവർണറുടെ ഉപദേശം തേടുന്നതിന് മുൻപായി CrPC സെഷൻ 433 A പ്രകാരമുള്ള 14 വർഷം ശിക്ഷ അനുഭവിച്ചിരിക്കണം എന്ന നിബന്ധന പരിഗണിക്കേണ്ടതുണ്ടോ; CrPC സെഷൻ 433 A പ്രകാരമുള്ള 14 വർഷത്തെ യഥാർഥ ശിക്ഷാകാലയളവ് എന്നതിന്റെ പരിധിയിൽ ഈ കേസ് വരുമോ?

iv) ചട്ടം 131 റഫറൻസ് കേസുകളിൽ സർക്കാർ ശിക്ഷായിളവ് നൽകുന്ന പക്ഷം ശിക്ഷ നിശ്ചിത കാലത്തേക്ക് പരിമിതപ്പെടുത്തി കുറവ് ചെയ്ത് നൽകാമോ എന്നും ഇത്തരം കേസുകളിൽ അകാലവിടുതൽ ശിപാർശ ചെയ്യാമോ?

v) കുറ്റവാളി സമർപ്പിച്ച അപ്പീൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിൽ ഉള്ളതിനാൽ ശിക്ഷായിളവ് അനുവദിക്കുന്നപക്ഷം സർക്കാരിനെതിരെ പ്രതികൂലമായ നിരീക്ഷണങ്ങൾ ഉണ്ടാകുമോ ?

12. ഇവയിൻമേൽ നിയമവകുപ്പ് ലഭ്യമാക്കിയ നിയമോപദേശം ചുവടെ ചേർക്കുന്നു:

" *തലശ്ശേരി അഡീഷണൽ സെഷൻസ് കോടതി (SC No. 546/2016) ശിക്ഷിച്ച ശ്രീമതി ഉഷയുടെ കേസിൽ, ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസ് 131–ാം വകുപ്പ് പ്രകാരം സമർപ്പിക്കപ്പെട്ട റഫറൻസിൽ ഭരണവകുപ്പ് ഉന്നയിച്ച സംശയങ്ങളിന്മേലുള്ള നിയമോപദേശമാണ് ഭരണവകുപ്പ് തേടിയിരിക്കുന്നത് .*

*2 1/2 വയസ്സ് പ്രായമുള്ള അക്ഷയ് എന്ന കുട്ടിയുടെ അമ്മയായ ശ്രീമതി ഉഷ കുട്ടിയെ കിണറ്റിൽ തള്ളിയിട്ട് കൊലപ്പെടുത്തുകയും തുടർന്ന് കിണറ്റിൽ ചാടി ആത്മഹത്യയ്ക്ക് ശ്രമിക്കുകയും ചെയ്തു എന്നതാണ് പ്രോസിക്യൂഷൻ കേസ് . ബഹു. തലശ്ശേരി അഡീഷണൽ സെഷൻസ് കോടതിയുടെ SC No. 546/2016 നമ്പർ കേസിലെ 29.02.2024 ലെ വിധിന്യായപ്രകാരം , ഐപിസി സെക്ഷൻ 302, 309 പ്രകാരം കുറ്റക്കാരിയാണെന്ന് കണ്ടെത്തുകയും ഐപിസി സെക്ഷൻ 302 പ്രകാരം ജീവപര്യന്തം തടവും 25,000/- (ഇരുപത്തയ്യായിരം രൂപ മാത്രം) പിഴയും, പിഴ അടയ്ക്കാത്ത പക്ഷം ഒരു മാസം സാധാരണ തടവും, ഐപിസി സെക്ഷൻ 309 പ്രകാരം ഒരു വർഷം സാധാരണ തടവും അനുഭവിക്കാനും വിധിക്കുകയുണ്ടായി. തുടർന്ന് മദ്യപാനിയായ ഭർത്താവിന്റെ വഴിപിഴച്ച ജീവിതം കാരണവും ഭർതൃവീട്ടുകാർ മാനസികരോഗിയായി മുദ്രകുത്തിയതും പ്രതിയെ ആത്മഹത്യയിലേക്കും കുട്ടിയെ കൊലപ്പെടുത്തലിലേക്കും പ്രേരിപ്പിച്ചുവെന്നുമുള്ള വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുത്ത് നിയമപ്രകാരമുള്ള ശിക്ഷായിളവിന് പരിഗണിക്കാവുന്നതാണെന്നും ഇതിൻ പ്രകാരം ബഹു.സെഷൻസ് ജഡ്ജി ശ്രീമതി ഉഷയ്ക്ക് ചുമത്തിയ ശിക്ഷ ഇളവ് ചെയ്ത് നൽകുന്നതിനായി ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസിലെ 131–ാം വകുപ്പ് പ്രകാരം ബഹു. ഹൈക്കോടതി രജിസ്ട്രാർ മുഖേന സർക്കാരിലേക്ക് റഫർ ചെയ്യുകയാണുണ്ടായത്.*

*ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസിലെ റൂൾ 131 പ്രകാരമുള്ള റഫറൻസ് ലഭിച്ചാൽ, സർക്കാരിന് ഭരണഘടനയുടെ അനുച്ഛേദം 161 (Article 161) പ്രകാരമുള്ള സവിശേഷ അധികാരം (Power of Clemency) വിനിയോഗിക്കാവുന്നതാണ്.*

*State of Kerala vs. Salini (2010 (2) KLT 117) എന്ന കേസിൽ കേരള ഹൈക്കോടതി വ്യക്തമാക്കിയത്, ശിശുഹത്യ നടത്തുന്ന അമ്മമാരുടെ കാര്യത്തിൽ മാനുഷികമായ*

പരിഗണന നൽകി ശിക്ഷ ലഘൂകരിക്കാനാണ് ഈ ചട്ടം വിഭാവനം ചെയ്തിട്ടുള്ളതെന്നാണ്.

സാധാരണഗതിയിൽ ജീവപര്യന്തം തടവ് ലഭിച്ചവർ 14 വർഷം പൂർത്തിയാക്കണമെന്ന് CrPC Section 433A (Section 433 OF BNSS) നിഷ്കർഷിക്കുന്നുണ്ടെങ്കിലും, ആർട്ടിക്കിൾ 161 പ്രകാരമുള്ള ഗവർണറുടെ സവിശേഷ അധികാരത്തെ പരിമിതപ്പെടുത്താൻ ഈ വകുപ്പിന് സാധിക്കില്ല. State of Haryana & Ors. Vs Rajkumar @ Bittu (CRIMINAL APPEAL NO. 721 OF 2021)എന്ന കേസിൽ സുപ്രീം കോടതി ഇത് ആവർത്തിച്ച് സ്ഥിരീകരിച്ചിട്ടുണ്ട്. അതിനാൽ, 14 വർഷം പൂർത്തിയാക്കിയില്ല എന്ന സാഹചര്യം ഈ കേസിൽ തടസ്സമല്ല.

Article 161 പ്രകാരമുള്ള അധികാരം Rule 131 റഫറൻസിന്റെ അടിസ്ഥാനത്തിൽ വിനിയോഗിക്കാം. ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസിലെ Rule 131 എന്നത് സെഷൻസ് ജഡ്ജിക്ക് നൽകിയിട്ടുള്ള ഒരു നിയമപരമായ ബാധ്യതയാണ്. ശിശുഹത്യ നടത്തുന്ന അമ്മമാരുടെ കേസിൽ കോടതിക്ക് നിയമപരമായ പരിമിതികൾ മൂലം കുറഞ്ഞ ശിക്ഷ നൽകാൻ കഴിയില്ല. അതിനാൽ, അത്തരം സാഹചര്യങ്ങളിൽ സർക്കാരിന്റെ Mercy Jurisdiction ഉണർത്തുന്നതിനാണ് ഈ റഫറൻസ് ഉപയോഗിക്കുന്നത്. State of Kerala v. Salini (2010 (2) KLT 117) കേസിൽ വ്യക്തമാക്കിയതുപോലെ, ഭരണഘടനയുടെ Article 161 പ്രകാരം ഗവർണർക്ക് ശിക്ഷ കുറയ്ക്കാനോ ഒഴിവാക്കാനോ ഉള്ള പരമാധികാരമുണ്ട്. Rule 131 ഈ അധികാരം വിനിയോഗിക്കുന്നതിനുള്ള ഒരു വഴികാട്ടിയായി (Guideline) പ്രവർത്തിക്കുന്നു.

Advisory Board-ന്റെ പുനഃപരിശോധനയോ ശുപാർശയോ തേടേണ്ട ആവശ്യമില്ല. സാധാരണഗതിയിൽ തടവുകാരുടെ അകാലവിടുതൽ പരിശോധിക്കുന്നത് ജയിൽ അഡ്വൈസറി ബോർഡാണ്. എന്നാൽ Rule 131 പ്രകാരമുള്ള റഫറൻസ് ഒരു പ്രത്യേക സാഹചര്യമാണ് (Special Category). പ്രതി നിലവിൽ ഹൈക്കോടതി ഉത്തരവ് പ്രകാരം ജാമ്യത്തിലാണ്. ജയിലിൽ കഴിയുന്ന തടവുകാർക്ക് മാത്രമാണ് സാങ്കേതികമായി അഡ്വൈസറി ബോർഡ് റിവ്യൂ ബാധകം. K.E. Thankamani v. State of Kerala (AIR 1999 SC 1513 ) കേസിൽ സുപ്രീം കോടതി നിരീക്ഷിച്ചത്, റൂൾ 131-ന്റെ അന്തസ്സത്ത ഉൾക്കൊണ്ട് സർക്കാർ നേരിട്ട് തീരുമാനമെടുക്കണമെന്നാണ്. അതിനാൽ അഡ്വൈസറി ബോർഡിന്റെ റിപ്പോർട്ടിനായി കാത്തുനിൽക്കാതെ തന്നെ ആർട്ടിക്കിൾ 161 പ്രകാരം തീരുമാനമെടുക്കാം.

CrPC Section 433A പരിഗണിക്കേണ്ടതില്ല . CrPC Section 433A പ്രകാരം ജീവപര്യന്തം തടവുകാർ 14 വർഷം ശിക്ഷ അനുഭവിക്കണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ സുപ്രീം കോടതിയുടെ Maru Ram v. Union of India (1981) 1 SCC 107, State of Haryana v. Rajkumar (2021) എന്നീ വിധിന്യായങ്ങൾ പ്രകാരം ഭരണഘടനാപരമായ ആർട്ടിക്കിൾ 161-ന് മേൽ Section 433A-യ്ക്ക് യാതൊരു നിയന്ത്രണവുമില്ല. ഗവർണർക്ക് 14 വർഷം തികയാത്ത തടവുകാർക്കും ശിക്ഷയിളവ് നൽകാൻ അധികാരമുണ്ട്. ഈ കേസിൽ പ്രതി 44 ദിവസം മാത്രമേ ജയിലിൽ കഴിഞ്ഞിട്ടുള്ളൂ എങ്കിലും ആർട്ടിക്കിൾ 161 പ്രയോഗിക്കുന്നതിന് അത് തടസ്സമല്ല.

ശ്രീമതി. ഉഷ സമർപ്പിച്ച അപ്പീൽ (Crl. A No. 492/24) ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്നത് ശിക്ഷയിളവ് പരിഗണിക്കുന്നതിന് നിയമപരമായ തടസ്സമല്ല. റൂൾ 131 പ്രകാരമുള്ള നടപടികൾ ശിക്ഷാവിധിക്ക് ശേഷം (Post-sentence) നടപ്പിലാക്കേണ്ടതാണെന്ന് Salini കേസിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭരണഘടനാപരമായ അധികാരം പ്രയോഗിക്കുന്നത് ജുഡീഷ്യൽ പ്രക്രിയയെ നേരിട്ട് ബാധിക്കാത്ത സാഹചര്യത്തിൽ ഇതിന് നിയമസാധുതയുണ്ട്. ഭരണഘടനയുടെ അനുച്ഛേദം 161 പ്രകാരമുള്ള ഗവർണറുടെ അധികാരം സ്വതന്ത്രമാണ്. ഇത് ജുഡീഷ്യൽ പ്രക്രിയയെ നേരിട്ട് ബാധിക്കാത്ത സാഹചര്യത്തിൽ എക്സിക്യൂട്ടീവിന് തീരുമാനമെടുക്കാവുന്നതാണ്.

ശിക്ഷാവിധിക്കെതിരെ ബഹു. ഹൈക്കോടതിയിൽ അപ്പീൽ (Crl. A No. 492/2024) നിലനിൽക്കുന്നു എന്നത് ശിക്ഷായിളവ് പരിഗണിക്കുന്നതിന് നിയമപരമായ തടസ്സമല്ല.

ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ടവർ കുറഞ്ഞത് 14 വർഷം തടവ് അനുഭവിക്കണമെന്ന Cr.P.C. സെക്ഷൻ 433A-ലെ വ്യവസ്ഥ ഭരണഘടനാപരമായ അനുച്ഛേദം 161-ന് ബാധകമല്ല. Maru Ram v. Union of India (1981) 1 SCC 107, Union of India v. V. Sriharan (2016) 7 SCC 1) എന്നീ കേസുകളിലെ സുപ്രീം കോടതി വിധികൾ പ്രകാരം, ഗവർണറുടെ ഭരണഘടനാപരമായ Clemency അധികാരം നിയന്ത്രിക്കാൻ സ്റ്റാറ്റ്യൂട്ടറി നിയമങ്ങൾക്ക് (Cr.P.C.) സാധ്യമല്ല.അതുകൊണ്ട് തന്നെ, 44 ദിവസം മാത്രം തടവ് അനുഭവിച്ച പ്രതിക്ക് ശിക്ഷയിളവ് നൽകുന്നതിൽ 433A തടസ്സമാകുന്നില്ല.

Commutation ഉം Premature Release ഉം രണ്ടും ശുപാർശ ചെയ്യാൻ സാധ്യമാണ്. ജീവപര്യന്തം തടവ് എന്നത് നിശ്ചിത വർഷത്തെ തടവായി (ഉദാഹരണത്തിന് അനുഭവിച്ച

തീർത്ത ശിക്ഷയിലേക്ക്) മാറ്റാൻ (Commutation) സർക്കാരിന് അധികാരമുണ്ട്. ഈ കേസിന്റെ പശ്ചാത്തലത്തിൽ, പ്രതിയുടെ മാനസികാവസ്ഥയും സാഹചര്യങ്ങളും കണക്കിലെടുത്ത് ശിക്ഷ 'അനുഭവിച്ചു തീർത്തതായി' കണക്കാക്കി അവരെ പൂർണ്ണമായി വിട്ടയക്കാനാണ് Rule 131 പ്രധാനമായും വിഭാവനം ചെയ്യുന്നത്. ശിക്ഷ നിശ്ചിത കാലയളവിലേക്ക് കുറച്ചുകൊണ്ട് (Commute) അകാലവിടുതൽ Premature Release: ) അനുവദിക്കുന്നതാണ് നിയമപരമായി കൂടുതൽ ഉചിതം.

Rule 464 അനുസരിച്ച് സന്നദ്ധസംഘടനകളുടെ പരിചരണത്തിലേക്ക് വിടാവുന്നതാണ് . കേരള പ്രിസൺ റൂൾസിലെ ചട്ടം 464 (പഴയ Rule 545) പ്രകാരം ശിശുഹത്യ നടത്തിയ സ്ത്രീകൾക്ക് ജയിൽ വാസത്തിന് പകരം അംഗീകൃത സന്നദ്ധ സംഘടനകളുടെയോ (Reputed Voluntary Organizations) പുനരധിവാസ കേന്ദ്രങ്ങളുടെയോ പരിചരണത്തിൽ കഴിയാൻ അനുമതി നൽകാവുന്നതാണ്. സർക്കാർ ശിക്ഷയിളവ് നൽകുമ്പോൾ ഇത്തരം ഒരു നിബന്ധന കൂടി വെക്കുന്നത് അവരുടെ സാമൂഹികമായ പുനരധിവാസത്തിന് സഹായിക്കും.കേരള പ്രിസൺ റൂൾസ് (Rule 464) പ്രകാരം അഡ്വൈസറി ബോർഡിന്റെ പുനഃപരിശോധന ആവശ്യമാണെങ്കിലും, പ്രതി നിലവിൽ ഹൈക്കോടതി ഉത്തരവ് പ്രകാരം ജാമ്യത്തിലായതിനാൽ (44 ദിവസം മാത്രം ശിക്ഷ അനുഭവിച്ച സാഹചര്യം), ഈ ആഭ്യന്തര നടപടിക്രമത്തിനായി കാത്തുനിൽക്കേണ്ടതില്ല. റൂൾ 131 പ്രകാരമുള്ള സെഷൻസ് കോടതിയുടെ നേരിട്ടുള്ള റഫറൻസ് മാത്രം അടിസ്ഥാനമാക്കി സർക്കാരിന് തീരുമാനമെടുക്കാം.

ബഹു. സെഷൻസ് കോടതിയുടെ ശിപാർശ, പ്രൊബേഷൻ റിപ്പോർട്ട്, പ്രതിയുടെ പ്രത്യേക സാഹചര്യങ്ങൾ (Domestic violence & Mental distress) എന്നിവ പരിഗണിക്കുമ്പോൾ, ശ്രീമതി ഉഷയുടെ ശിക്ഷായിളവ് കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് യാതൊരു നിയമതടസ്സവുമില്ല. ഭരണഘടനയുടെ 161-ാം അനുച്ഛേദം നൽകുന്ന അധികാരം ഉപയോഗിച്ച് ശിക്ഷ കുറച്ചു നൽകുന്നതിനായി ഫയൽ ബഹു. മന്ത്രിസഭയുടെയും തുടർന്ന് ഗവർണറുടെയും അംഗീകാരത്തിനായി സമർപ്പിക്കാവുന്നതാണ് എന്ന ഭരണവകുപ്പിനെ അറിയിക്കുന്നു. ”

13. ബഹു. സെഷൻസ് കോടതിയുടെ ശിപാർശ, പ്രൊബേഷൻ റിപ്പോർട്ട്, പ്രതിയുടെ നിലവിലെ സാഹചര്യങ്ങൾ എന്നിവ പരിഗണിച്ച് ശ്രീമതി ഉഷയ്ക്ക് ശിക്ഷായിളവ് നൽകുന്നതിനോ അകാലവിട്ടതലിനു പരിഗണിക്കുന്നതിനോ യാതൊരു നിയമതടസവുമില്ലായെന്ന് നിയമവകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ ഭരണഘടനയുടെ ആർട്ടിക്കിൾ 161 പ്രകാരം, കുറ്റക്കാരന് വിധിച്ച ശിക്ഷ കുറവുചെയ്യുന്നതിനോ ഒഴിവാക്കുന്നതിനോ സർക്കാരിന് അധികാരമുള്ളതായി മറ്റൊരു കേസിൽ നിയമവകുപ്പ് ഉപദേശം നൽകിയിട്ടുള്ളതുമാണ്.

14. ക്രിമിനൽ റൂൾസ് ഓഫ് പ്രാക്ടീസിലെ റൂൾ 131 പ്രകാരം ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട ശ്രീമതി ഉഷയ്ക്ക് ശിക്ഷായിളവ് നൽകുന്ന വിഷയം ഒന്നുകൂടി വിശദമായി പരിശോധിച്ച ശേഷം പുതുക്കിയ കുറിപ്പുകൾ മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരാൻ 29.10.2025 തീയതിയിലെ മന്ത്രിസഭായോഗം നിർദ്ദേശിച്ചു.

## തീരുമാനിക്കേണ്ട വിഷയം

1. ബഹു. തലശ്ശേരി അഡീഷണൽ സെഷൻസ് കോടതിയുടെ ശിപാർശയും പ്രൊബേഷണറി ഓഫീസറുടെ ശിപാർശയും നിയമവകുപ്പിന്റെ ഉപദേശവും പരിഗണിച്ച്, ഭരണഘടനയുടെ 161-ാം അനുച്ഛേദം പ്രദാനം ചെയ്യുന്ന അധികാരങ്ങൾ വിനിയോഗിച്ചും, 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 470 ലെ നിബന്ധനകൾക്ക് വിധേയമായി, പിഴത്തുക അടയ്ക്കുകയോ അല്ലെങ്കിൽ പിഴയ്ക്ക് പകരമുള്ള ശിക്ഷ അനുഭവിക്കുകയോ ചെയ്യണമെന്ന വ്യവസ്ഥയിൽ, ശ്രീമതി. ഉഷയ്ക്ക് ശേഷിക്കുന്ന ശിക്ഷാ കാലയളവ് ഇളവ് ചെയ്ത് അകാലവിട്ടതൽ അനുവദിക്കുന്നതിന് ബഹു. ഗവർണർക്ക് ഉപദേശം നൽകാമോ ?